I/216252/2024

തദ്ദേശ സ്വയംഭരണ വകുപ്പ്
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
കളക്ടേറ്റ് പി. ഒ., കോട്ടയം - 686002
ഫോൺ: 0481-2560282
*e-mail: jdlsgdktm@gmail.com*
തീയതി:26-02-2024

**മിനിട്സ്**

കോട്ടയം ജില്ലയിലെ സ്ഥിരം അദാലത്ത് സംവിധാനം- ജില്ലാതല അദാലത്ത് സമിതിയുടെ യോഗം ജോയിൻറ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ **20.02.2024** തീയതി **12.05** പി.എംന് ചേർന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും ജോയിൻറ് ഡയറക്ടർ യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു.

**<u>ജില്ലാതല അദാലത്ത് സമിതി യോഗ തീരുമാനങ്ങൾ</u>**

**1. <u>മുത്തോലി ഗ്രാമപഞ്ചായത്ത്</u>**

ശ്രീ. സന്തോഷ് ജോസഫ്, കവിയിൽ, മുത്തോലി പി.ഒ എന്നയാളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിന് പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ സ്ഥലപരിശോധന നടത്തി അനധികൃത കെട്ടിട നമ്പർ നൽകി കെട്ടിട നികുതി ഈടാക്കുന്നുവെന്ന പരാതി ജില്ലാ അദാലത്ത് സമിതി പരിശോധിക്കുകയും ജില്ലാതല അദാലത്ത് സമിതി കൺവീനറായ അസിസ്റ്റൻറ് ഡയറക്ടർ,അംഗങ്ങളുമായ ജില്ലാ ടൌൺ പ്ലാനർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തുന്നതിനും ടി റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ അപേക്ഷ അടുത്ത ജില്ലാതല അദാലത്ത് സമിതി യോഗത്തിൽ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**2. <u>കോട്ടയം നഗരസഭ</u>**

സെക്രട്ടറി , ബിസിജിമാർസ് അപ്പാർട്ട്മെൻറ് , റസിഡൻസ് അസോസിയഷൻറെ പരാതിയിൽ ഉപജില്ലാ അദാലത്ത് സമിതിയിൽ നിന്ന് വ്യക്തമായ ശുപാർശയോടു കൂടിയ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും ആയതിൻറെ അടിസ്ഥാനത്തിൽ അടുത്ത ജില്ലാതല അദാലത്ത് സമിതിയിൽ അപേക്ഷ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**(3) <u>ഈരാറ്റുപേട്ട നഗരസഭ</u>**

ഡോ.സലീം, പുളിക്കൽ, ഈരാറ്റുപേട്ട എന്നയാളുടെ പരാതിയിൽ ജില്ലാതല അദാലത്ത്

സമിതി കൺവീനറായ അസിസ്റ്റൻറ് ഡയറക്ടർ , അംഗങ്ങളായ ജില്ലാ ടൌൺ പ്ലാനർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സംയുക്ത പരിശോധന നടത്തുന്നതിനും ടി റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ അടുത്ത യോഗത്തിൽ അപേക്ഷ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**(4) <u>വിജയപുരം ഗ്രാമപഞ്ചായത്ത്</u>**

സുജാ കുര്യൻ, അമ്പാട്ടുപറമ്പിൽ, മുട്ടമ്പലം.പി.ഒ എന്നയാളുടെ പരാതിയിൽ ഉപജില്ലാ അദാലത്ത് സമിതിയിൽ നിന്ന് വ്യക്തമായ ശുപാർശയോടു കൂടിയ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും ആയതിൻറെ അടിസ്ഥാനത്തിൽ അടുത്ത ജില്ലാതല അദാലത്ത് സമിതിയിൽ അപേക്ഷ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**(5) <u>കരൂർ ഗ്രാമപഞ്ചായത്ത്</u>**

ശ്രീമതി.ആനി ജോമോൻ, കുരിക്കുന്നേൽ, വലവൂർ.പി.ഒ എന്നയാളുടെ പരാതിയിൽ ഉപജില്ലാ അദാലത്ത് സമിതിയിൽ നിന്ന് വ്യക്തമായ ശുപാർശയോടു കൂടിയ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും ആയതിൻറെ അടിസ്ഥാനത്തിൽ അടുത്ത ജില്ലാതല അദാലത്ത് സമിതിയിൽ അപേക്ഷ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**(6)<u>പായിപ്പാട് ഗ്രാമപഞ്ചായത്ത്</u>**

സെക്രട്ടറി, സജിമോൻ.പി.ഐ, അഖിലകേരള ചേരമർ ഹിന്ദു മഹാസഭയുടെ പരാതിയിൽ ഉപജില്ലാ അദാലത്ത് സമിതിയിൽ നിന്ന് വ്യക്തമായ ശുപാർശയോടു കൂടിയ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും ആയതിൻറെ അടിസ്ഥാനത്തിൽ അടുത്ത ജില്ലാതല അദാലത്ത് സമിതിയിൽ അപേക്ഷ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**(7) <u>തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്</u>**

ശ്രീ.സജി ജോൺ , മുണ്ടുചിറയിൽ , വേളൂർ പി ഒ എന്നയാളുടെ പരാതിയിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ 10-ാം വാർഡിൽ പഞ്ചായത്തിൻറെ അനുമതി ഇല്ലാതെ നടത്തിയ നിർമ്മാണം (കെട്ടിട നമ്പർ 256) ക്രമവത്ക്കരിക്കുന്നതിനായി പരാതിക്കാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്നും പുതിയ വസ്തു നികുതി പരിഷ്ക്കരണത്തോടനുബന്ധിച്ച് അധിക നിർമ്മിതി സംബന്ധിച്ച് ഫാറം 9 എ യിൽ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിയതു പ്രകാരം പരാതിക്കാരൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ തുടർ നടപടി സ്വീകരിച്ചു വരുന്നതായും കൂടാതെ ഇല്ലിക്കൽ കവലയിൽ കെട്ടിട നമ്പർ 9/180, 9/182, 9/183 വെള്ളം കയറുന്നതിനാൽ പുതുക്കി പണിതു എന്നാണ് അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് 30.11.2019 ലെ എ5/9461/19 നമ്പർ ആയി അനുമതി ഇല്ലാതെ കെട്ടിട നിർമ്മാണം നടത്തി വന്നത് നിർത്തി വെയ്ക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് 14.10.2024 ലെ എ53175/2020 തീയതിയിൽ അനധികൃത നിർമ്മാണം നിർത്തി വെച്ച് പൊളിച്ച് നീക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനെതിരെ പരാതിക്കാരൻ ബഹു.തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിൽ അപ്പീൽ

സമർപ്പിക്കുകയും അപ്പീലിൽ **05.11.2020** ൽ **474/2020** നമ്പർ ആയി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സെക്രട്ടറിയുടെ **14.10.2020** ലെ എ5-**3175/2020** ഉത്തരവിലെ തുടർനടപടികൾ ഇനി ഒരു ഉത്തരവ് വരുന്നതു വരെ സ്റ്റേ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത അപ്പീലിൽ അന്തിമ വിധി വന്നിട്ടില്ലാത്തതുമാണ്. റീ സർവ്വെ നമ്പർ **439/37** ൽ **3** കെട്ടിട മുറികൾക്ക് ക്രമവത്ക്കരിച്ച് നികുതി നിശ്ചയിച്ച് നൽകുന്നതിന് പരാതിക്കാരൻ (കെട്ടിടം ക്രമവത്ക്കരിക്കു ന്നതിന് ) അപേക്ഷ നൽകിയിട്ടുള്ളതാണെന്നും സെക്രട്ടറി അറിയിച്ചു.

പരാതിക്കാരൻറെ അപേക്ഷകളിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

വ്യക്തമായ ശുപാർശയോടുകൂടിയ വിശദമായ റിപ്പോർട്ടോടു കൂടി മാത്രം അപേക്ഷകൾ ജില്ലാതല അതാലത്ത് സമിതിയിലേയ്ക്ക് **Escalate** ചെയ്യുന്നതിന് ഉപജില്ലാ അദാലത്ത് സമിതിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

Signed by
Prasadc R
Date: 26-02-2024 10:24:28

PRASAD C R
ASSISTANT DIRECTOR
തദ്ദേശസ്വയംഭരണ വകുപ്പ്,
കോട്ടയം